# സഭയുടെ
# സാമൂഹിക ദർശനങ്ങൾ



## social doctrines of the Church

# ഉള്ളടക്കം


1. സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ ചരിത്രപശ്ചാത്തലം
2. സാമൂഹിക പ്രബോധനങ്ങളുടെ അടിസ്ഥാന തത്വങ്ങൾ
3. റേരും നൊവാരും: ലെയോ XIII
4. ക്വാദ്രജേസ്സിമോ അന്നോ: പീയൂസ് XI
5. ചെന്തേസ്സിമൂസ് അന്നൂസ്: ജോൺ പോൾ II
6. സ്വകാര്യ സ്വത്തവകാശം
7. തൊഴിൽ: ഒരു ക്രിസ്തീയ വിശകലനം
8. സാമൂഹ്യ നീതി: ഒരു വിശകലനം
9. സഭയുടെ സാമൂഹിക പ്രബോധനങ്ങളിലെ പ്രധാനപ്പെട്ട അന്തർദർശനങ്ങൾ

# സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ ചരിത്രപശ്ചാത്തലം

വ്യാവസായിക വിപ്ലവത്തിന്റെ കാലം (1780–1850) മുതൽ മനുഷ്യരാശിയെയാകെ രോഗാതുരമാക്കിക്കൊ ിരിക്കുന്ന സാമൂഹിക പ്രശ്നങ്ങൾക്ക് സഭ സാമൂഹിക പ്രബോധനങ്ങൾ വഴി ക്രൈസ്തവമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

# 1. ചാക്രികലേഖനം (Encyclical Letter)

1. സഭയുടെ പരമാധികാരിയായ മാർപാപ്പാ എഴുതിയ ഔദ്യോഗിക ലേഖനമായിരിക്കും

2. സാധാരണമായി ഇവ സിദ്ധാന്തപരവും (doctrinal), ധാർമ്മികവും (moral), ശിക്ഷണപരവും (disciplinary), ആയ കാര്യങ്ങളെ സംബന്ധിച്ചുള്ളവയായിരിക്കും

3. സാർവത്രികസഭയെ സംബോധന ചെയ്യുന്ന ലേഖനങ്ങളാണിവ

# സാമൂഹികപ്രബോധനം

**സാമൂഹികവിഷയങ്ങളെ സംബന്ധിച്ചു സഭ നടത്തുന്ന പ്രബോധനങ്ങളാണ് സാമൂഹിക പ്രബോധനങ്ങൾ.**

- ഒരേ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ എല്ലാവരും സാഹോദര്യത്തോടും സഹകരണത്തോടുംകൂടി കഴിയണമെന്നാണ്.

---

- സ്വകാര്യസ്വത്തവകാശം സംരക്ഷിക്കണമെന്നും അതേസമയം, അതിനു പരിധിയു   ായിരിക്കണമെന്നും സഭ വ്യക്തമാക്കുന്നു.

---

- രാഷ്ട്രം വ്യക്തിയുടെയും കുടുംബത്തിന്റെയും സംഘടനകളുടെയും കാര്യത്തിൽ ഇടപെടുന്നത് അവരെ സഹായിച്ചും (Subsidiary function) അവരുടെ അവകാശങ്ങളെ സംരക്ഷിച്ചും കൊ   ായിരിക്കണം.

---

- വ്യക്തി സ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം തൊഴിലും മൂലധനവും തമ്മിലു   ായിരിക്കേ   സഹകരണം മുതലായവയെല്ലാം സഭയുടെ സാമൂഹികപ്രബോധനത്തിന്റെ വിഷയങ്ങളാണ്.

# സാമൂഹികപ്രബോധനത്തിന്റെ ചരിത്രപശ്ചാത്തലം

## വ്യാവസായിക വിപ്ലവം

- ഏ.ഡി. 1750 മുതൽ 1850 വരെയുള്ള കാലഘട്ടത്തിൽ ഇംഗ്ല ിലു ായ സാമ്പത്തിക വിപ്ലവത്തെയാണ് വ്യാവസായിക വിപ്ലവമെന്ന് വിളിക്കുന്നത്.

- കോളണികളുടെ സ്ഥാപനമാണ് വ്യാവസായിക വിപ്ലവത്തിന് പ്രധാന കാരണമായത്.

- ഏഴാം നൂറ്റാ ിൽ അറബികൾ ഒരു പുതിയമതത്തിന്റെ അനുയായിക ളായി സംഘടിച്ച് മദ്ധ്യപൂർവ്വപ്രദേശങ്ങളാകെ കയ്യടക്കി. അവർ യഹൂ ദരെയും ക്രൈസ്തവരെയും വ്യാപാരത്തിൽനിന്നു പുറംതള്ളി.

- യന്ത്രവൽക്കരണത്തോടും നഗരവൽക്കരണത്തോടുമൊപ്പം ചൂഷ ണവും അത്യാഗ്രഹവും വർദ്ധിച്ചു.

# ചില തത്ത്വചിന്തകൾ
# ലിബറലിസം (സ്വാതന്ത്ര്യവാദം)

ലെസെഫെയർ (laissez faire) വാദമെന്ന് ഇതിനെ വിളിക്കുന്നു. ഗവൺമെന്റിന്റെ ഇടപെടൽ ഇല്ലാതിരിക്കുമ്പോഴാണ് സാമ്പത്തിക വ്യവസ്ഥിതി ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് എന്ന സിദ്ധാന്തമാണിത്. ചരിത്രപരമായി അത് മെർക്കയന്റയിലിസ (Mercantilism) ത്തോടുള്ള എതിർപ്പായിരുന്നു.

ക്വെസ്നി, ആഡംസ്മിത്ത്, ഹെൻറി ജോർജ്ജ്

സാമ്പത്തിക കാര്യങ്ങൾ സാമൂഹിക – ധാർമ്മിക ലക്ഷ്യങ്ങളാൽ നിർണ്ണയിക്കപ്പെടുകയോ നയിക്കപ്പെടുകയോ ചെയ്യുന്നില്ലെന്നും ലെസെഫെയർ വാദികൾ വിശ്വസിച്ചു.

# മഞ്ചെസ്റ്റർ സ്കൂൾ

റിച്ചാർഡ് കോബ്ഡെൻ, ജോൺ ബ്രൈറ്റ് എന്നിവരായിരുന്നു അതിന്റെ പ്രണേതാക്കൾ. അതിന്റെയും പ്രധാനതത്ത്വങ്ങൾ സ്വതന്ത്രവ്യാപാരവും ലെസെഫെയർ സിദ്ധാന്തവുമായിരുന്നു.

# കമ്മ്യൂണിസ്റ്റ് സോഷ്യലിസം

- തൊഴിലാളികളെ ചൂഷണത്തിൽനിന്ന് രക്ഷിക്കാൻ കാറൽ മാർക്സ് (1818–1883) മുന്നോട്ടുവന്നു.

- ഹേഗൽ ആശയതലത്തിൽ അവതരിപ്പിച്ച സംഘട്ടനത്തിന്റെ സിദ്ധാന്തം (വൈരുധ്യാധിഷ്ഠിത സിദ്ധാന്തം) മാർക്സ് സാമൂഹിക തലത്തിൽ പ്രയോഗിച്ചു. ഭൗതീകവാദവും അതിനോടു കൂട്ടിച്ചേർത്തു. പ്രമേയം (ആശയം), പ്രതിപ്രമേയം, നവീനപ്രമേയം എന്നതാണ് ഹേഗലിന്റെ തത്ത്വം.

- മാർക്സും ഫ്രെഡറിക് ഏംഗൽസും (1820–1895) കൂടി 1840–ൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചു.

- 1864–ൽ കാറൽ മാർക്സ് അന്താരാഷ്ട്ര തൊഴിൽ സംഘടന സ്ഥാപിച്ചു.

- കമ്മ്യൂണിസം മനുഷ്യരെ തൊഴിലാളികൾ മുതലാളികൾ എന്ന ര ു വർഗ്ഗമായി തിരിച്ചു. ശത്രുതയോടെ പോരാടാൻ അവരോട് ആഹ്വാനം ചെയ്തു

# ക്രൈസ്തവ പരിശ്രമങ്ങൾ:
# ക്രൈസ്തവ സോഷ്യലിസം

- വിൻസെന്റ് ഡിപോൾ (1576–1660) എന്ന ഫ്രഞ്ചുവൈദികൻ അടിമകളെ രക്ഷിക്കുന്നതിനുവേ ി അദ്ധ്വാനിച്ചു.
- ക്രൈസ്തവ സോഷ്യലിസം ഇംഗ്ല ിലെ ആംഗ്ലിക്കൻ സഭയിൽ രൂപം കൊ ു. 1848–ൽ അതൊരു പ്രസ്ഥാനമായി.
- സംഘടന, സഹകരണം, സാഹോദര്യം എന്നിവയ്ക്കായി നിലകൊ അവർ സഹകരണാടിസ്ഥാനത്തിലുള്ള തൊഴിൽശാലകൾക്കായി വാദിച്ചു.
- യൂറോപ്പിലെ കത്തോലിക്കാ സോഷ്യലിസം സ്ഥാപിച്ചത് ജർമ്മനിയിലെ ബിഷപ്പ് വില്യം എമ്മാനുവൽ ഫോൺ കെറ്റലർ (1811–77) ആണ്.
- 1849–ൽ അഡോൾഫ് കോൾപിംഗ് (1813–1865) എന്ന വൈദികൻ ജർമ്മനിയിൽ ഒരു തൊഴിലാളി സംഘടന സ്ഥാപിച്ചു.
- തൊഴിലാളികൾക്കു ലാഭവിഹിതം നൽകാനും ഇൻഷുറൻസ് ഏർപ്പെടുത്താനും ഇടയായി.

# സാമൂഹിക പ്രബോധനങ്ങളുടെ അടിസ്ഥാന തത്വങ്ങൾ

- ദൈവത്തിന്റെ പ്രതിച്ഛായ ഉൾക്കൊള്ളുന്ന മനുഷ്യൻ സൃഷ്ട പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവും ലക്ഷ്യവുമാണ്. ഈ അവസ്ഥ അവന് അതുല്യമായ അന്തസ്സും അവകാശങ്ങളും നൽകുന്നു.

- ഇത് സ്വാതന്ത്ര്യം, മാന്യമായി ജീവിക്കാനുള്ള വസ്തുവകകൾ, സ്വകാര്യസ്വത്ത്, അർഹമായ ബഹുമാനം തുടങ്ങിയവ ലഭിക്കുവാനുള്ള അവകാശം അവനു നൽകുന്നു ്.

- എല്ലാവർക്കും വ്യക്തികളെന്ന നിലയ്ക്കു തുല്യമായ അന്തസ്സും അവകാശങ്ങളുമുെ ന്നുള്ളതിനു തർക്കമില്ല. അവസരസമത്വം, ജീവിക്കാനുള്ള അവകാശം തുടങ്ങിയവ ലഭിക്കാൻ എല്ലാവർക്കും അവകാശമു ്.

- വിശ്വസാഹോദര്യം സാമൂഹികപ്രബോധനത്തിന്റെ മറ്റൊരു അടിസ്ഥാനമാണ്.

- തൊഴിൽ, സാമൂഹികനീതി, സമാധാനം, വികസനം, മനുഷ്യാവകാശങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള സഭയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ദൈവിക, പ്രകൃതി നിയമങ്ങളിൽ അധിഷ്ഠിതമാണ്.

# ദൈവജനത്തിനിടയിലെ വിരുദ്ധ സമീപനങ്ങൾ

**ഇടതുപക്ഷ തീവ്രവാദം**

വിപ്ലവത്തിലൂടെ സാമ്പത്തികരംഗത്ത് സമൂലപരിവർത്തനം കൈവരിക്കാമെന്ന വിശ്വാസം.

---

**ഇടതുപക്ഷ മിതവാദം**

മുതലാളിത്ത – സാമ്പത്തിക വ്യവസ്ഥിതിയിൽ മൗലികങ്ങളായ പല തെറ്റുകളും ഉള്ളതിനാൽ ചില പൊളിച്ചുപണികൾ ചെയ്ത് സാമൂഹികപ്രശ്നങ്ങൾക്കും പരിഹാരം ക ത്താൻ അതുപയോഗിക്കാം.

**വലതുപക്ഷ തീവ്രവാദം**

തൊഴിലാളികളനുഭവിക്കുന്ന ദാരിദ്ര്യത്തിനും മനുഷ്യോചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾക്കും വലതുപക്ഷതീവ്രവാദികൾ നിർദ്ദേശിക്കുന്ന പരിഹാരം മുതലുടമകളുടെ മാനസാന്തരം എന്നിവയാണ്.

---

**വലതുപക്ഷ മിതവാദം**

മുതലാളിത്ത സാമ്പത്തികചിന്തകളും അവ രൂപപ്പെടുത്തിയ വ്യവസ്ഥിതികളും തെറ്റാണെന്ന ബോദ്ധ്യമാണിതിന്റെ പ്രത്യേകത. ആരും ആരെയും ചൂഷണം ചെയ്യാതെ എല്ലാവരും പൊതുനന്മയ്ക്കായി പ്രവർത്തിക്കുക, ഉൽപന്നങ്ങൾക്കു ന്യായമായ വില ലഭിക്കുക

# സഭയുടെ ഔദ്യോഗിക സമീപനം

സാമൂഹികപ്രബോധനങ്ങളുടെ പ്രധാന സമീപനം ഇടതുപക്ഷ മിതവാദത്തിന്റേതാണ്. കടുത്ത ദാരിദ്ര്യവും മനുഷ്യോചിതമല്ലാത്ത സാമ്പത്തിക ഉച്ചനീചത്വങ്ങളും വളർത്തുന്ന നിലവിലുള്ള തെറ്റായ സാമൂഹിക- സാമ്പത്തിക വ്യവസ്ഥിതികൾ തിരസ്ക്കരിച്ച് അവയുടെ സ്ഥാനത്ത് കൂടുതൽ മനുഷ്യോചിതവും നീതിപൂർവ്വകവുമായ വ്യവസ്ഥിതികളും സംവിധാനങ്ങളും രൂപവത്ക്കരിക്കണമെന്നാണ് സാമൂഹികപ്രബോധനത്തിന്റെ അടിസ്ഥാനപരമായ കാഴ്ചപ്പാട്.

# റേരും നൊവാരും : (ലെയോ XIII) – 1891

തൊഴിലാളികളുടെ അവകാശപത്രിക എന്ന് പിന്നീടറിയപ്പെടാൻ തുടങ്ങിയ ഈ രേഖ സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ ഒരു ആമുഖക്കുറിപ്പും അടിസ്ഥാനശിലയുമായിട്ടാണ് പരിഗണിക്കപ്പെടുക.

സ്വകാര്യസ്വത്തവകാശത്തിന്റെ നിഷേധം ആത്യന്തിക പരിശോധനയിൽ തൊഴിലാളികൾക്ക് തീരാനഷ്ടം വരുത്തും. അദ്ധ്വാനം വഴി സ്വന്തമായി സ്വത്തു സ്വരുക്കൂട്ടുകയെന്നത് ഒരു വ്യക്തിയുടെ ദൈവദത്തമായ അവകാശമാണ്.

സമൂഹത്തിന്റെ അടിസ്ഥാനശിലയായ കുടുംബം രാഷ്ട്രത്തിനു മുൻപുള്ളതാണ്.

മക്കൾക്ക് മാന്യമായി ജീവിക്കുന്നതിനാവശ്യമായവ സ്വരുക്കൂട്ടാൻ ഒരു പിതാവിനു കടമയു ്. ഈ കടമ ഗവൺമെന്റ് ഏറ്റെടുക്കുന്നത് കുടുംബത്തിന്റെമേലുള്ള കയ്യേറ്റമാണ്.

# യഥാർത്ഥ പ്രതിവിധി

അസമത്വങ്ങൾ അനിവാര്യം

വർഗ്ഗസൗഹാർദ്ദം അനുപേക്ഷണീയം

തൊഴിലാളിയുടെ കടമകൾ

# മുതലുടമയുടെ കടമകൾ

- മനുഷ്യനെന്ന നിലയിൽ ഒരു തൊഴിലാളിക്ക് ലഭിക്കേ     ആദരവും ബഹുമാനവും മുതലുടമ നൽകണം.
- അവരെ സമ്പത്തു     ാക്കാനുള്ള ഉപകരണങ്ങളോ വെറും കായിക ശ ക്തിയോ ആയി പരിഗണിച്ച് ദുരുപയോഗിക്കരുത്. അത്തരം പ്രവർത്തനം മനുഷ്യത്വത്തിന് നിരക്കാത്തതും ലജ്ജാവഹവുമാണ് (No.16).
- തൊഴിലാളികളുടെ മതപരവും ആദ്ധ്യാത്മീകവുമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സാഹചര്യങ്ങൾ സൃഷ്ടിക്കണം.
- പ്രായം, സ്ത്രീപുരുഷഭേദം തുടങ്ങിയവ കണക്കിലെടുത്തു വേണം ജോലി ചെയ്യിപ്പിക്കുവാൻ (No.16).
- ന്യായമായ വേതനം നൽകുകയെന്നത് മുതലുടമയുടെ സുപ്രധാനമായ കടമയാണ്.

# യഥാർത്ഥ പ്രതിവിധി (തുടർച്ച)

- ധനത്തിന്റെ ശരിയായ വിനിയോഗം: പ്രകൃതിവസ്തുക്കൾ എല്ലാ മനുഷ്യർക്കും വേ  ിയുള്ളതാണ്.
- സമ്പത്തെല്ലാം ദൈവത്തിന്റേതാണെന്നും സ്വത്തുടമ ദൈവത്തിന്റെ വെറും കാര്യസ്ഥനാണെന്നുമുള്ള വിശുദ്ധഗ്രന്ഥ പഠനമാണ് മാർപാപ്പ ഇതിന് അടിസ്ഥാനമാക്കുക.
- മനുഷ്യന്റെ യഥാർത്ഥ മഹത്ത്വം: മനുഷ്യരെല്ലാവരും പിതാവായ ദൈവത്തിന്റെ മക്കളെന്ന നിലയ്ക്ക് തുല്യമഹത്വമുള്ളവരും, സഹോദരങ്ങളും, പരസ്പരം കടപ്പെട്ടവരുമാണ്.
- ആത്മാവിന്റെ രക്ഷയിൽ മാത്രമല്ല സഭ ശ്രദ്ധിക്കുക. മറിച്ച്, മനുഷ്യന്റെ ഭൗമികക്ഷേമം കൈവരിക്കുന്ന കാര്യത്തിൽ സഭ എന്നും പ്രതിബദ്ധത കാണിച്ചിട്ടു  ്.

# രാഷ്ട്രത്തിന്റെ സാമൂഹികപ്രവർത്തനം

- പൊതുജനക്ഷേമവും വ്യക്തികളുടെ അഭിവൃദ്ധിയും സാധ്യമാക്കുകയാണ് ഒരു രാഷ്ട്രത്തിന്റെ പ്രഥമ ധർമ്മം. എല്ലാവർക്കും നീതി തുല്യമായി ലഭ്യമാക്കുവാൻ രാഷ്ട്രത്തിന് കടമയു ്.

---

- രാഷ്ട്രം വ്യക്തിയ്ക്കും കുടുംബത്തിനും സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം.

---

- വ്യക്തികളുടെ അവകാശസംരക്ഷണരംഗത്ത് പാവപ്പെട്ടവരും അശരണരുമായവർ സവിശേഷ പരിഗണനയർഹിക്കുന്നു.

- നിയമനിർമ്മാണത്തിലൂടെ സ്വകാര്യസ്വത്ത് സംരക്ഷിക്കാൻ ഗവൺമെന്റിന് കടമയു ് (ചീ.30).

---

- തൊഴിലാളികളും തൊഴിൽദായകരും തമ്മിലുള്ള തർക്കങ്ങളും സംഘട്ടനങ്ങളും ഉ ാകുന്നതിനുള്ള കാരണങ്ങളെ യഥാസമയം നീക്കംചെയ്യാൻ ഭരണാധികാരികൾ ശ്രദ്ധിക്കണം (ചീ.31).

---

- തൊഴിലാളികൾക്ക് ആദ്ധ്യാത്മിക ജീവിതത്തിന് അവസരം നൽകണം (ചീ.32).

---

- * വിശ്രമം, ഇടവേള, ആരോഗ്യസംരക്ഷണം തുടങ്ങിയവ തൊഴിലാളികൾക്ക് ലഭ്യമാക്കണം.

# ക്വാദ്രജേസ്സിമോ അന്നോ : പീയൂസ് XI 1931

*റേരും നൊവാരും പ്രസിദ്ധീകരിച്ചതിന്റെ 40-ാം വാർഷിക ത്തിലാണ് ഈ ചാക്രികലേഖനം പ്രസിദ്ധീകരിച്ചത്.*

സാമൂഹിക നീതിയുടെ അടിസ്ഥാനത്തിൽ സമ്പത്തിന്റെ ദേശീയതലത്തിലുള്ള വിഭജനം, പുതിയ സാഹചര്യങ്ങ ളിൽ തൊഴിലാളികളുടെ അവകാശസംരക്ഷണം, സ്വേച്ഛാ ധിപത്യ പ്രവണതകളെയും കമ്മ്യൂണിസത്തെയും ചെറു ത്തുനിൽക്കൽ

സഭ, രാഷ്ട്രം, തൊഴിൽദായകരും തൊഴിലാളികളും എന്നീ മൂന്നു ഘടകങ്ങളൊത്തൊരുമിച്ചു പ്രവർത്തിക്കണം.

# റേരും നൊവാരും – ഒരു വ്യാഖ്യാനം

**സ്വകാര്യസ്വത്തവകാശം (Nos. 44-52)**

1. സ്വകാര്യസ്വത്തവകാശം മൗലികസ്വഭാവമുള്ളതാണെങ്കിലും അതു ചില സാമൂഹികകടപ്പാടുകൾ ഉൾക്കൊള്ളുന്നു ്.

2. സ്വത്തവകാശത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ സ്വഭാവത്തിനനുസരിച്ച് അതിനെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വം ഭരണാധിപന്മാർക്കു ്.

3. സമ്പത്തു സ്വന്തമാക്കാനും അതു പിൻതലമുറയ്ക്കു കൈമാറാനുമുള്ള വ്യക്തിയുടെ അവകാശത്തിന് ഗവൺമെന്റിന്റെ ഇടപെടൽമൂലം ഒരിക്കലും ഹാനി സംഭവിക്കാൻ ഇടയാവരുത്.

4. വ്യക്തിയുടെ പക്കലുള്ള അധികസമ്പത്തുകൊ ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സ്വത്തുടമയ്ക്കു ബാധ്യതയു ്.

# മൂലധനവും തൊഴിലും

മൂലധനത്തിന്റേമേൽ മുതലാളിയുടെ അമിതമായ അവകാശവാദം തെറ്റാണ്.

ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്തെല്ലാം തങ്ങൾക്കവകാശപ്പെട്ടതാണെന്ന തൊഴിലാളികളുടെ വാദവും തെറ്റാണ്.

സമൂഹത്തിലെ എല്ലാ വിഭാഗവും ജനങ്ങൾക്കും ന്യായമായ വിധം പങ്കുവയ്ക്കപ്പെടുകയെന്നതാണ് നീതി.

# ന്യായമായ വേതനം

- വേതനക്കരാറിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ചെയ്യുന്നതിൽ തെറ്റില്ലെങ്കിലും അതിന്റെ സ്ഥാനത്ത് പങ്കാളിത്തത്തിന്റേതായ കരാറായിരിക്കും ഉത്തമം.
- തൊഴിലാളികൾക്കു മൂലധനത്തിൽ പങ്കോ മാനേജ്മെന്റിൽ പങ്കാളിത്തമോ ലാഭത്തിൽ വിഹിതമോ നൽകുന്നതുവഴി ഇതു നടപ്പിലാക്കാം.
- കുടുംബവേതനം ലഭിക്കാൻ തൊഴിലാളിക്കു മൗലികാവകാശമു ്.
- തൊഴിലാളിക്കും അവന്റെ കുടുംബത്തിനും ജീവിക്കാനാവശ്യമായ തുക ലഭ്യമാക്കാൻ സമൂഹത്തിനു ബാധ്യതയു ്.
- പെൻഷൻ, ഇൻഷൂറൻസ്, സൗജന്യവിദ്യാഭ്യാസം, സൗജന്യാരോഗ്യസംരക്ഷണം തുടങ്ങിയവ
- വേതനത്തെ സംബന്ധിച്ച ഒരു ദേശീയനയം ഓരോ രാഷ്ട്രത്തിനും വേണം.

# അപകടകരമായ ചില വസ്തുതകൾ

- മനുഷ്യനിൽ ഭൗതികതാൽപര്യങ്ങൾ ക്രമാതീതമായി ശക്തിപ്പെട്ടതുമൂലം അപരന്റെ അവകാശങ്ങളും ദൈവിക നിയമങ്ങളും ചവിട്ടി മെതിക്കാൻ അവനു മടിയില്ലാതായി.
- സാമ്പത്തികവ്യാപാരങ്ങളിൽ ധാർമ്മികമൂല്യങ്ങളുടെ നിയന്ത്രണം പാടില്ലെന്ന മുതലാളിത്തചിന്തയുടെ സ്വാധീനംമൂലം എന്തുമാർഗ്ഗം ഉപയോഗിച്ചും സമ്പത്തു ാക്കാമെന്ന ധാരണ
- തൊഴിലാളികളെ ഉത്പാദനപ്രക്രിയയിലെ വെറും ഉപകരണങ്ങളായി പരിഗണിച്ച് ചൂഷണം ചെയ്തു.

# ചെന്തേസ്സിമൂസ് അന്നൂസ് :
# ജോൺ പോൾ II – 1991

റേരും നൊവാരുമിന്റെ നൂറാം വാർഷികാ
ഘോഷത്തിന്റെ ഭാഗമായി 1991 മെയ് 1–ാം
തീയതി ജോൺ പോൾ ര ാമൻ
മാർപാപ്പ ഒപ്പുവച്ച ചാക്രികലേഖനമാണ്
ചെന്തേസ്സിമൂസ് അന്നൂസ്

# ചരിത്ര പശ്ചാത്തലം

കമ്മ്യൂണിസ്റ്റു രാജ്യങ്ങൾ സോഷ്യലിസത്തിന്റെ പാത ഉപേക്ഷിച്ചു

സാമൂഹികസുരക്ഷിതത്വം, പെൻഷൻ, ആരോഗ്യസംബന്ധമായ ഇൻഷുറൻസ്, അപകട സന്ദർഭങ്ങളിലുള്ള നഷ്ടപരിഹാരം എന്നിവ നടപ്പിലാക്കി

ഉത്പാദന - ഉപഭോക്തൃ വായ്പാ സഹകരണസംഘങ്ങൾ രൂപവൽകരിക്കുന്നതിൽ സഭാംഗങ്ങൾ കാര്യമായ സംഭാവന നൽകി.

# ചരിത്രപശ്ചാത്തലം (തുടർച്ച)

- 1914–നും 1945 – നും ഇടയ്ക്കു ായ ര ു ലോകമഹായുദ്ധങ്ങൾ
- ഭ്രാന്തമായ ആയുധമത്സരത്തിന് കാരണമായതുകൊ ് വികസനത്തിന് ഉപയുക്തമാകേ ിയിരുന്ന സമ്പത്തും ശാസ്ത്രീയ നേട്ടങ്ങളും യുദ്ധസന്നാഹത്തിനായി ഉപയോഗിക്കപ്പെട്ടു.
- ഭീകരപ്രസ്ഥാനങ്ങളുടെ വളർച്ച
- കോളനികളുടെ സ്വാതന്ത്ര്യലബ്ധി
- മനുഷ്യാവകാശങ്ങളെ സംബന്ധിച്ചു ായ വ്യാപകമായ അവബോധം.

# സ്വകാര്യസ്വത്തവകാശവും അതിന്റെ സാമൂഹികമാനവും

- സാങ്കേതികമായ അറിവും വൈദഗ്ധ്യവും സ്വകാര്യസ്വത്തിനായിത്തീർന്നിരിക്കുന്നു
- ഭൗതികവസ്തുക്കളുടെ അഭാവത്തോടൊപ്പം സാങ്കേതിക അറിവിന്റെയും പരിശീലനത്തിന്റെയും കുറവുകൂടി ഇന്നത്തെ ദരിദ്രർക്കു
- ലാഭം മാത്രമാകരുത്, വ്യാപാരത്തിന്റെ ലക്ഷ്യം.
- കുടുംബവേതനം, പ്രായാധിക്യം, ജോലിയില്ലായ്മ തുടങ്ങിയ അവസ്ഥകൾക്കുള്ള ഇൻഷുറൻസ്

# സമ്പന്നരാജ്യങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങളും ഭീഷണികളും

1. ഉപഭോക്തൃസംസ്ക്കാരം

2. പരിസ്ഥിതി പ്രശ്നങ്ങൾ

3. മാനുഷിക പരിസ്ഥിതി നശീകരണം (കുടുംബ തകർച്ച)

4. അന്യവത്ക്കരണം

# സ്വകാര്യ സ്വത്തവകാശം

അന്യന്റെ വസ്തുക്കൾ മോഷ്ടിക്കരുത് എന്ന വി. ഗ്രന്ഥ കൽപന സ്വകാര്യസ്വത്തവകാശത്തിന്റെ അംഗീകാരമാണ്.

സ്വകാര്യസ്വത്തുടമയെ സമ്പത്തിന്റെ മേലുള്ള കാര്യസ്ഥനായിട്ടാണ് (Steward) വി. ഗ്രന്ഥം ചിത്രീകരിക്കുക.

സമ്പത്ത് കുറച്ചുപേരുടെ കയ്യിൽ മാത്രം കേന്ദ്രീകരിക്കുന്നതിനെതിരേ പ്രവാചകന്മാർ നടത്തിയ വിമർശനങ്ങൾ ശ്രദ്ധേയങ്ങളാണ് (ഏശയ്യ 5:8-9; മിക്ക2:2-3; ജെറ. 22:13;34:8-22; ആമോ 2:8; ഏശ.3:15).

# സഭാപിതാക്കന്മാരുടെ പഠനം

- സ്വത്തിന്റെ മൗലികസ്വഭാവത്തെക്കാൾ അതിന്റെ സാമൂഹികവശത്തിനാണ് സഭാപിതാക്കന്മാർ പ്രധാന്യം നൽകിയത്.
- സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടിൽ സ്വത്തുടമ സമ്പത്തിന്റെ കാര്യസ്ഥൻ മാത്രമാണ്.
- വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെക്കാൾ നാം ക്രൂരരാവരുത്. മൃഗങ്ങൾ അവയ്ക്കുള്ളവയെല്ലാം - ഭൂമി, അരുവികൾ, പുൽത്തകിടികൾ, കുന്നുകൾ, മരത്തോപ്പുകൾ മുതലായവയെല്ലാം - പൊതുവായി അനുഭവിക്കുന്നു (വി. ജോൺ ക്രിസോസ്തോം).
- ധനികർ ധർമ്മം കൊടുക്കുമ്പോൾ, കടംവീട്ടുകയാണു ചെയ്യുന്നതെന്ന് വി. അംബ്രോസ് പറയുന്നു.
- തന്റെസമ്പത്ത് ദരിദ്രനുമായി പങ്കുവയ്ക്കാത്ത ധനവാനെ ഒരു കള്ളനോടാണ് മഹാനായ വി. ബേസിൽ ഉപമിക്കുന്നത്.

# വി. തോമസ് അക്വിനാസിന്റെ ദർശനം

സ്വന്തമായി സ്വത്തു ാകുമ്പോൾ വ്യക്തികൾക്ക് തനതായി അനുഭവപ്പെടുന്ന സന്തോഷവും സംതൃപ്തിയും സ്വകാര്യസ്വത്തവകാശം ഉ െ ന്നതിന്റെ തെളിവാണ്.

സ്വന്തം കഴിവുകളെ വളർത്താനും വ്യക്തിത്വം വികസിപ്പിക്കാനും എല്ലാ വ്യക്തികൾക്കും അവകാശവും കടമയുമു ്.

ഭാവിയെ ഓർത്ത് ആകുലനാകുകയെന്നതും അതിനുവേ ി സ്വരൂക്കൂട്ടുകയെന്നതും മനുഷ്യന്റെ മാത്രം സവിശേഷതയാണ്.

തന്റെ മക്കളുടെ വളർച്ചയ്ക്കും ഭാവിസുരക്ഷിതത്വത്തിനും ആവശ്യമായവ സമാഹരിയ്ക്കുകയെന്നത് ഒരു പിതാവിന്റെ ദൈവദത്തമായ കടമയാണ്.

പ്രപഞ്ചവസ്തുക്കൾ ആവശ്യാനുസരണം ഉപയോഗിക്കാനുള്ള മനുഷ്യവ്യക്തിയുടെ അലംഘനീയവും ദൈവദത്തവുമായ ഈ അവകാശത്തെ ര ാം വത്തിക്കാൻ സൂനഹദോസും ഊന്നൽ നൽകി പഠിപ്പിക്കുന്നു ് (സഭ ആധുനികലോകത്തിൽ (No.69).

വിശന്നു മരിക്കാറായ മനുഷ്യനു നീ ഭക്ഷണം കൊടുക്കുക. അങ്ങനെ ചെയ്യാതിരുന്നാൽ നീ അവനെ കൊല്ലുകയാണു ചെയ്യുന്നത് *(സഭ ആധുനികലോകത്തിൽ No. 69).*

# തൊഴിൽ
# ഒരു ക്രിസ്തീയ വിശകലനം

മനുഷ്യവ്യക്തിയുടെ ആത്മപ്രകാശനമായ തൊഴിൽ

മാർക്സിസവും മുതലാളിത്തസാമ്പത്തികചിന്തയും പുലർത്തുന്ന തൊഴിൽ സങ്കൽപങ്ങൾ തെറ്റാണ്

മുതലാളിത്ത സാമ്പത്തിക ചിന്തപോലെതന്നെ മാർക്സിസവും തൊഴിലിനെ ഉത്പാദനമാർഗ്ഗമായി മാത്രമാണ് നോക്കിക ത്.

# ക്രൈസ്തവസമീപനം

- **തൊഴിലിന്റെ സൃഷ്ടിപരത:** ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള മനുഷ്യ വ്യക്തിയുടെ പങ്കുചേരലാണ് തൊഴിൽ.
- **തൊഴിൽ ദൈവദത്തമായ കടമ**
- **തൊഴിൽ, ദൈവാരാധന:** തനിക്കു നിശ്ചയിക്കപ്പെട്ട ജോലി ആത്മാർത്ഥത യോടെ ചെയ്യുകവഴി ഒരു വ്യക്തി ദൈവത്തെ പ്രീതിപ്പെടുത്തുന്നു
- **പൂർണ്ണതയിലേക്കുള്ള ചവിട്ടുപടി:** അദ്ധ്വാനത്തിലൂടെയാണ് വ്യക്തി തന്റെ കഴിവുകളെ വികസിപ്പിക്കുകയും പരിപൂർണ്ണത നേടുകയും ചെയ്യുക.
- **തൊഴിലിന്റെ വ്യക്തിഗതസ്വഭാവം**
- “ആത്മനിഷ്ഠവും” (subjective) “വസ്തുനിഷ്ഠവും” (objective) ആയ ര ു മാനങ്ങൾ തൊഴിലിൽ മാർപാപ്പ കെ ത്തുന്നു.
- **മൂലധനത്തിൽ ഓഹരി:** ഒരു നൂതന സങ്കൽപം

# സാമൂഹിക നീതി:
# ഒരു വിശകലനം

പഴയനിയമഗ്രന്ഥങ്ങളിൽക്കാണുന്ന സാമ്പത്തിക സാമൂഹിക വ്യവസ്ഥിതി ഒരുതരത്തിലുള്ള സോഷ്യലിസമാണ്.

ചില സാമൂഹിക കടമകൾ സ്വത്തവകാശത്തോടനുബന്ധമായിട്ട് ഉണ്ടെന്നർത്ഥം.

ആഡംസ്മിത്ത് തന്റെ വെൽത്ത് ഓഫ് നേഷൻസ് എന്ന ഗ്രന്ഥത്തിലൂടെ രൂപം കൊടുത്ത മുതലാളിത്ത സാമ്പത്തികചിന്ത സാമ്പത്തികമേഖലയിൽ നീതിധർമ്മങ്ങളുടെ ആവശ്യകതയെ ചോദ്യം ചെയ്തു.

മാർക്സിസം മനുഷ്യവ്യക്തിയുടെ മൗലികമായ പല അവകാശങ്ങളും സമൂഹത്തിന്റെ സാമ്പത്തിക പുരോഗതിയുടെ പേരിൽ കുരുതി കഴിക്കാൻ നിർബന്ധിച്ചു.

# വിവിധതരത്തിലുള്ള നീതി

**വിനിമയനീതി**

കൊടുക്കൽവാങ്ങൽ പ്രക്രിയയിൽ തുല്യമൂല്യം കൈമാറാനുള്ള സാദ്ധ്യത

**നിയമാനുസൃതനീതി**

പൊതുനന്മയെ ലക്ഷ്യം വച്ചുകൊ ് പ്രവർത്തിക്കാനുള്ള സമൂഹാംഗങ്ങളുടെ കടപ്പാടാണ്

**സാമൂഹികനീതി**

മനുഷ്യനിർമ്മിത നിയമങ്ങൾ അനുശാസിക്കുന്ന നീതിധർമ്മങ്ങൾക്കും അവകാശപരിപാലനത്തിനും അതീതമായി സ്വാഭാവികനിയമാനുസൃതം സമൂഹത്തിന്റെയും വ്യക്തികളുടെയും ക്ഷേമത്തിനുള്ള അവകാശമാണ് ഈ നീതിയുടെ അടിസ്ഥാനം.

# തൊഴിൽരംഗവും സാമൂഹികനീതിയും

പൊതുവേതന നയം

സാമ്പത്തിക പുനർവിഭജനം

ലോകനീതി

# സഭയുടെ സാമൂഹിക പ്രബോധനങ്ങളിലെ പ്രധാനപ്പെട്ട അന്തർദർശനങ്ങൾ

1. ലോകത്തോട് ക്രൈസ്തവന് കടമയു ്
2. തെറ്റായ സാമ്പത്തിക പ്രത്യയശാസ്ത്രങ്ങളെ എതിർക്കേ ത് ദൈവരാജ്യ ശുശ്രൂഷയാണ്
3. മനുഷ്യമഹത്വം
4. സ്വാർത്ഥത മറന്ന് സഹകരണം വളർത്തണം
5. ഭൗതിക വികസനം ആത്മീയ വളർച്ചയിലൂടെ